**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 231** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വാക്സിൻ ഫലപ്രാപ്തി പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ് | | **Smt Veena George**<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതൊക്കെ കോവിഡ് വാക്സിനുകളാണ് സർക്കാർ ജനങ്ങൾക്ക് നൽകുന്നത്; ഓരോ വാക്സിനും എത്രത്തോളം ഫലപ്രദമാണെന്ന പഠനം സർക്കാർ തലത്തിൽ നടത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് നിലവിൽ കോവിഷീൽഡ്, കൊവാക്സിൻ എന്നീ വാക്സിനുകളാണ് നൽകി വരുന്നത്. സർക്കാർ തലത്തിൽ നിലവിൽ പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ ഭാവിയിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് ഒന്നാം ഡോസും രണ്ടാം ഡോസും വാക്സിനുകൾ സ്വീകരിച്ച വ്യക്തികൾ പാലിക്കേണ്ട മാർഗരേഖ പുറത്തിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | മാർഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് വാക്സിൻ എടുത്തവർക്കും മറ്റു രോഗികളിൽ നിന്നും കോവിഡ് 19 വരാനുള്ള സാധ്യതയുണ്ട്. അതിനാൽ കോവിഡ് വാക്സിൻ എടുത്തതിനു ശേഷവും മാസ്കുകൾ ഉപയോഗിക്കുകയും, സാമൂഹിക അകലം പാലിക്കുകയും, ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമുണ്ട്. എന്നാൽ കോവിഡ് വാക്സിൻ സ്വീകരിച്ചവർക്ക് ഗുരുതരമായ രോഗ ബാധയുണ്ടാകാനുള്ള സാധ്യത കുറവാണ്. സർക്കാർ രണ്ട് ഡോസ് വാക്സിനേഷൻ എടുത്തവർക്കും കോവിഡ് പ്രോട്ടോകോൾ പാലിക്കുന്നതിൽ ഇളവുകൾ നൽകിയിട്ടില്ല. |
| (സി) | രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ച വ്യക്തികൾക്ക് രോഗം വരാനുള്ള സാധ്യതയുണ്ടെന്നിരിക്കെ ഇവർക്ക് സംസ്ഥാന സർക്കാർ പ്രത്യേക ഇളവുകൾ നൽകുന്നതിന്റെ അടിസ്ഥാനം വ്യക്തമാക്കാമോ? | (സി) | മാർഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് വാക്സിൻ എടുത്തവർക്കും മറ്റു രോഗികളിൽ നിന്നും കോവിഡ് 19 വരാനുള്ള സാധ്യതയുണ്ട്. അതിനാൽ കോവിഡ് വാക്സിൻ എടുത്തതിനു ശേഷവും മാസ്കുകൾ ഉപയോഗിക്കുകയും, സാമൂഹിക അകലം പാലിക്കുകയും, ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമുണ്ട്. എന്നാൽ കോവിഡ് വാക്സിൻ സ്വീകരിച്ചവർക്ക് ഗുരുതരമായ രോഗ ബാധയുണ്ടാകാനുള്ള സാധ്യത കുറവാണ്. സർക്കാർ രണ്ട് ഡോസ് വാക്സിനേഷൻ എടുത്തവർക്കും കോവിഡ് പ്രോട്ടോകോൾ പാലിക്കുന്നതിൽ ഇളവുകൾ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ